പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*129 05-02-2019-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുനരുജ്ജീവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോസർവ്വീസ് സെന്റർ-കാർഷിക കർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിലാക്കി വരുന്നു.<br>പ്രളയാനന്തരം അടിയന്തിരമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാല കൃഷി വിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിൽ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ക്ലാസുകളും, സെമിനാറുകളും, പ്രായോഗിക പ്രദർശനങ്ങളും സംഘടിപ്പിച്ചു<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 -ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം നൽകി. ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• 5680.85 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുന്നതിനായി 22.80 കോടി രൂപ.<br>• പച്ചക്കറി കൃഷി പുനരുദ്ധാരണം - 77 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 770.00 ലക്ഷം രൂപ, 30 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായി 75.00 ലക്ഷം രൂപ.<br>• തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിൽ നടപ്പിലാക്കുന്ന 'ഓപ്പറേഷൻ കോൾ ഡബിൾ' പദ്ധതിക്കായി 1 കോടി രൂപ - ഒരു പൂ നിലങ്ങളിൽ രണ്ടാം വിളയ്ക്ക് നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷി.<br>• കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 1 കോടി രൂപയുടെ അധിക ധനസഹായം.<br>• ദീർഘകാല സുഗന്ധ വിളകൾ - ജാതി, ഗ്രാമ്പു തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിന് വിലയുടെ 50 ശതമാനം, പരാമവധി ഒരു തൈയ്ക്ക് 250 രൂപ നിരക്കിൽ ഹെക്ടറിന് 20,000 രൂപ ക്രമത്തിൽ 5000 ഹെക്ടറിന് 13.42 കോടി രൂപ ധനസഹായം.<br>• കൃഷിയിടങ്ങളിൽ മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിന് ഹെക്ടറിന് 5400 രൂപ നിരക്കിൽ 10000 ഹെക്ടറിന് 540 ലക്ഷം രൂപ.<br>• ജലസേചന ആവശ്യത്തിന് 25000 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് ധനസഹായം. പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം 5000 രൂപയും അധികമായി 2500 രൂപയും ഉൾപ്പെടെ 7500 രൂപയുടെ ആനുകൂല്യം നൽകുന്നതിനായി 625 ലക്ഷം രൂപ.<br>• പാടശേഖരങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ മറ്റ് യന്ത്ര സാമഗ്രികൾ നന്നാക്കുന്നതിനും/ പുതുതായി വാങ്ങുന്നതിനുമായി |

| | | | |
|---|---|---|---|
| | | | വിലയുടെ 75 ശതമാനം പരമാവധി 25000 രൂപ വീതം 250 ലക്ഷം രൂപ.<br>• പുഷ്പ കൃഷി വികസനത്തിന് 50 ലക്ഷം രൂപ<br>• മൂല്യവർദ്ധനവ് പദ്ധതിയുടെ ഭാഗമായി എസ്.എഫ്.എ.സി മുഖേന സ്വയം സഹായ സംഘങ്ങൾക്ക് ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പരിശീലന പരിപാടികൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുന്നതിന് മറ്റിതര ചെലവുകൾക്കുമായി ആകെ 8 കോടി രൂപ.<br>• വിള സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എലി നശീകരണ ക്യാമ്പയിൻ നടത്തുന്നതിന് 153.75 ലക്ഷം രൂപ.<br><br>പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ ഹോർട്ടികൾച്ചർ" മേഖലയുടെ പുന:രുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>ഇപ്രകാരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ "സ്പെഷ്യൽ പാക്കേജ് 2018-19"-ൽ ഉൾപ്പെടുത്തി 41495 ഹെക്ടറിൽ വാഴ, കൈതച്ചക്ക, ടിഷ്യുകൾച്ചർ വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, സങ്കരയിനം പച്ചക്കറി, കശുമാവ്, കൊക്കോ, സുഗന്ധ തൈല വിളകൾ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 56.03 കോടി രൂപ കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 24.93 കോടി രൂപ കേന്ദ്രവിഹിതവും അതിനാനുപാതികമായ 16.62 കോടി രൂപ സംസ്ഥാന വിഹിതവും ചേർത്ത് ആകെ 41.55 |

| | | | |
|---|---|---|---|
| | | | കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളയിൽ ലഭിച്ചിട്ടുണ്ട്. ഇത് ജില്ലകൾക്ക് പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2018 ഡിസംബർ 31 വരെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 20.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ-നാണ്യ വിളകളുടെ കാര്യക്ഷമമല്ലാത്ത ഉല്പാദനവും വിപണനവുമാണ് കാർഷിക കേരളം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ പ്രധാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, കശുവണ്ടി എന്നിവയുടെ വില അന്താരാഷ്ട്ര വിലയേയും അന്താരാഷ്ട്ര ഉൽപാദനത്തിനേയും ആശ്രയിച്ചാണ് നിശ്ചയിക്കപ്പെടുന്നത്. റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. നാണ്യവിളകൾക്ക് അധിക വില ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ല് സംഭരണം, കൃഷി വകുപ്പ് നടത്തുന്ന മറ്റ് വിപണികൾ എന്നിവയിലൂടെ ഭക്ഷ്യോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നു. |
| ഡി) | റബ്ബറിന്റെ വിലയിടിവും വിദേശത്ത് നിന്നുള്ള ഇറക്കുമതിയും കാർഷിക മേഖലയിൽ ഏല്പിച്ച കനത്ത ആഘാതം മറികടക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; അത് കർഷകർക്ക് എത്രമാത്രം ആശ്വാസകരമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | റബ്ബർ കർഷകർ നേരിടുന്ന പ്രതിനിധി പരിഹരിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം |

| | | | |
|---|---|---|---|
| | | | പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. 2016-17-ൽ 500 കോടി രൂപയും 2017-18-ൽ 125 കോടി രൂപയും സബ്സിഡിയായി 2018-19-ൽ 300 കോടി രൂപയും കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**